കേരള സർക്കാർ

# കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2017-2018

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2-39/2019

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്

തീയതി.12/02/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-5, 2-6, 2-8, 2-10, 2-11, 2-12, 2-13 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-11 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2-39/2019

തിയ്യതി:12/02/2019

## വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.08.2017 മുതൽ 30.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. വസന്ത.പി.എസ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | | |
|---|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.12.2018 മുതൽ 31.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കിഷോർ.എ.ജി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അലി അക്ബർ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രു.എം.സമീർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ലത.ടി.കെ | ഓഡിറ്റർ |
| | | ശ്രീമതി.ടിജി വർഗ്ഗീസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കുര്യാക്കോസ്.പി.എ | 01.04.2017മുതൽ 31.3.2018വരെ |
| | | |
| സെക്രട്ടറി | ശ്രീ.ഇ.കെ.ബാലകൃഷ്ണൻ | 01.04.2017മുതൽ 03.05.2017വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.വി.ആലി (ഇൻ ചാർജ്ജ്) | 03.05.2017 മുതൽ 02.06.2017 വരെ |
| | ശ്രീ.ഇ.കെ.ബാലകൃഷ്ണൻ | 02.06.2017 മുതൽ .20.09.2017 വരെ |
| | ശ്രീ.വാസുദേവൻ.പി(ഇൻ ചാർജ്ജ്) | 22.09.2017 മുതൽ 11.01.2018 വരെ |
| | അനിൽകുമാർ (അഡീഷണൽ ചാർജ്ജ് | 11.01.2018മുതൽ 02.02.2018വരെ |
| | ശ്രീ.ബോബൻ ചാക്കോ | 02.02.2018 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ഗുണശേഖരൻ.വി | 01.04.2017മുതൽ 07.04.2017 വരെ |

| | | |
|---|---|---|
| | ശ്രീ.മുഹമ്മദ് ഷെഫീക്ക് | 0804.2017 മുതൽ .11.04.2017 വരെ |
| | ശ്രീമതി.ജി.വി.രജനി | 12.04.2017മുതൽ 29.10.2017 വരെ |
| | ശ്രീമതി.വിശ്വജ്യോതി | 30.10.2017 മുതൽ 07.11.2017 വരെ |
| | ശ്രീ.റജീസ് | 08.11.2017 മുതൽ .01.02.2018വരെ |
| | ശ്രീ.അജിൽ | 02.02.2018 മുതൽ 02.03.2018 വരെ |
| | ശ്രീ.റജീസ് | 03.03.2018 മുതൽ 12.03.2018വരെ |
| | ശ്രീമതി.ജി.വി.രജനി | 13.03.2018 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ടി.ജി.ശിവദാസൻ | 01.04.2017മുതൽ 31.3.2018വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീമതി.യമുന.എസ് | 01.04.2017മുതൽ 31.3.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | അപ്സര ജോസഫ് | 01.04.2017 മുതൽ 30.05.2017 വരെ |
| | ബിന്ദു.ടി.കെ | 30.05.2017 മുതൽ 16.09.2017 വരെ |
| | ശരണ്യ.എം.രാജ് | 16.09.2017 മുതൽ 07.10.2017 വരെ |
| | ജീജ.എം | 07.10.2017 മുതൽ 19.12.2017 വരെ |
| | ശ്രുതി.പി | 19.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.റിയ ലളിത് | 01.04.2017മുതൽ 31.01.2018വരെ |
| | ഡോ.മുഹമ്മദ് സയ്ദ്.കെ | 01.02.2018മുതൽ 31.3.2018വരെ |

| | | |
|---|---|---|
| | | |
| .മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശാന്തിനി.പി | 01.04.2017മുതൽ 31.3.2018വരെ |
| അസി.എഞ്ചിനീയർ | ശ്രീ.അഷ്റഫ്ഖാൻ.എ | 01.04.2017മുതൽ 05.10.2017 വരെ |
| | ശ്രീ.കുഞ്ഞമ്മദ്.കെ.പി | 05.10.2017 മുതൽ 06.03.2018 വരെ |
| | ദൊരൈ സ്വാമി.പി.ആർ | 06.03.2018 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശ്രീജിത്ത്.വി.എം | 01.04.2017മുതൽ 31.3.2018വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | അനിൽ കുമാർ. | 01.04.2017മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ദെലീന | 06.07.2017 മുതൽ 03.08.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | ഡോറിസ്. എൽ | 04.08.2017 മുതൽ 21/09/2017 വരെ |

| | | |
|---|---|---|
| | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വാസുദേവൻ.പി | 22.09.2017 മുതൽ 11.01.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഡോറിസ് .എൽ | 11.01.2018 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം ACR പ്രകാരം | 1-5 | |

| | | | |
|---|---|---|---|
| | | | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഡി&ഒ ലൈസൻസ് അപാകതകൾ | 2-1 | |
| 13 | തൊഴിൽ നികുതി അപാകങ്ങൾ -സംബന്ധിച്ച്. | 2-2 | |
| 14 | വെറ്റിനറി സർജ്ജന്റെ കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 2-3 | |
| 15 | പെർമ്മിറ്റ് രജിസ്റ്റർ പൂർണ്ണമായി എഴുതി സെക്രട്ടറി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 2-4 | |

| | | | |
|---|---|---|---|
| | റഗുലറൈലേഷൻ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. | | |
| 16 | വാണിജ്യ കെട്ടിടത്തിന് വാസഗൃഹത്തിനുള്ള പെർമ്മിറ്റ് ഫീസ് ഈടാക്കി:- | 2-5 | |
| 17 | പെർമ്മിറ്റ് ആവശ്യമുള്ള വിസ്തീർണ്ണത്തേക്കാൾ കൂടുതൽ ഏരിയക്ക് പെർമ്മിറ്റ് അനുവദിച്ചു. | 2-6 | |
| 18 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്:- | 2-7 | |
| 19 | മതിയായ പ്ലാൻ ഹാജരാക്കാതെ പെർമ്മിറ്റ് അനുവദിച്ചു. | 2-8 | |
| 20 | പെർമ്മിറ്റ് ഫീസ് ഈടാക്കുന്നതിൽ ഏകീകൃത സ്വഭാവമില്ല:- | 2-9 | |
| 21 | വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കാൻ പഞ്ചായത്ത് അംഗീകരിച്ച നൽകിയ പ്ലാനിൽ | 2-10 | |

| | | | |
|---|---|---|---|
| | നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നു. | | |
| 22 | വാണിജ്യ കെട്ടിടങ്ങളുടെ പാർക്കിംഗ് ഏരിയയിൽ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിച്ച് വ്യാപാരം നടത്തിവരുന്നു, പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. | 2-11 | |
| 23 | വാണിജ്യ കെട്ടിടങ്ങൾക്ക് മതിയായ പാർക്കിംഗ് ലഭ്യമാക്കുന്നില്ല. | 2-12 | |
| 24 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു. | 2-13 | |
| | ഭാഗം 3 | | |
| 25 | നിരവിൽപ്പുഴ സാംസ്കാരിക നിലയം നിർമ്മാണം-കെട്ടിടം മണ്ണിടിയൽ ഭീഷണിയിൽ | 3-1 | |

| | | | |
|---|---|---|---|
| 26 | വളവ്-ചാപ്പിലാംകുന്ന് റോഡ് സോളിംഗ്-മാർഗ്ഗ രേഖ ലംഘിച്ച് പദ്ധതി നടപ്പിലാക്കി | 3-2 | |
| 27 | ഇ ടെണ്ടർ ഫീ - പഞ്ചായത്തിൽ വരവ് വന്നിട്ടില്ല | 3-3 | |
| 28 | വി.ഇ.ഒ യുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് | 3-4 | |
| 29 | ഭവന പുനരുദ്ധാരണ പദ്ധതി തെറ്റായ എസ്റ്റിമേറ്റും- വാല്യൂഷനും | 3-5 | |
| 30 | ഭിന്നശേഷിയുള്ളവർക്ക് വീൽചെയർ പൂർണ്ണമായും വിതരണം ചെയ്യ്തിട്ടില്ല | 3-6 | |
| 31 | സ്വയം സഹായ ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം - സർക്കാർ അംഗീകാരം ഇല്ലാത്ത ഫാമിൽ നിന്ന് മുട്ടക്കോഴിയെ വാങ്ങി നൽകി തടസ്സം . 5,50,000/-രൂപ | 3-7 | |

| | | | |
|---|---|---|---|
| 32 | ഏഴാം ക്ലാസ്സിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക മേശയും കസേരയും വാങ്ങി നൽകൽ - മാർഗ്ഗരേഖ നിബന്ധനകൾ പാലിച്ചില്ല | 3-8 | |
| 33 | കുഞ്ഞോം ട്രൈബൽ ഹോസ്റ്റലിലേക്ക് പാത്രങ്ങൾ - വാങ്ങിയ പാത്രങ്ങൾ ഹോസ്റ്റലിൽ ഇല്ല | 3-9 | |
| 34 | പച്ചക്കറി കൃഷി പ്രോത്സാഹനം വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-10 | |
| 35 | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ | 3-11 | |
| | ഭാഗം 4 | | |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 40 | സ്ഥിര നിക്ഷേപം | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.3.2017തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.3.2018തീയതിയിലെ .2ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2018 | 24/4/2018 | - | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30278792 |
| വരവ് | 115010397 |
| ആകെ | 145289189 |
| ചെലവ് | 97482613 |
| നീക്കിയിരിപ്പ് | 47806576 |

## 1-5 ഫണ്ട് വിനിയോഗം ACR പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 21294732 | 21294732 | 20489704 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1151297 | 1151297 | 446850 | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 13113670 | 13113670 | 11938119 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 12059000 | 12059000 | 9626174 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4524000 | 4524000 | 4240525 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 10510261 | 10510261 | 10510261 | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 3725604 | 3725604 | 3586895 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 17458128 | 816800 | 25626128 | 5821643 | 19804485 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 85467238 | 180 | 67279613 | 2 | 37 | 81.27 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12919 | 1939062 | 1951981 | 1936821 | 15160 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 42347915 | 42347915 | 42347915 | - |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 31440 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 6670600 | 542 |
| വിധവാപെൻഷൻ | 11376900 | 935 |
| വാർദ്ധക്യകാലപെൻഷൻ | 12598000 | 934 |
| വികലാംഗപെൻഷൻ | 3208200 | 260 |
| 50 വയസ്സിൽ കൂടുതൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 103000 | 10 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/12/2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47224/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ 7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും യഥാവിധി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. പ്രതിമാസ പദ്ധതി പുരോഗതി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുന്നില്ല. സെക്രട്ടറി വർഷാവസാനം സ്റ്റോർ സ്റ്റോക്ക് എന്നിവ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ്, മിനിട്സുകൾ, കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച മിനിട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവയ്ക്ക് ആധികാരികമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 21.05.2018 തീയതി 23/05/2018 | 2017-18 | 01/12/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/07/2009 | 2004-05 മുതൽ 2008-09 വരെ | 07/11/2018 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് അപാകതകൾ

2017-18 സാമ്പത്തീക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ 2017-18 സാമ്പത്തീക വർഷത്തിൽ എത്രപേർ ലൈസൻസ് എടുക്കാനുണ്ടെന്ന് വിലയിരുത്താൻ കഴിയുന്നില്ല.

2.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

3.സെന്റ് സ്കൊളാസ്റ്റിക്ക ഹോസ്പിറ്റൽ മക്കിയാടിന് ഹോസ്പിറ്റൽ,ലാബ്,ഫാർമസി എന്നിവയെല്ലാം നടത്തുന്നതിന് ഒറ്റ ലൈസൻസ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

4.ലൈസൻസ് നം 228/17-18 നുള്ള അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് 1,00,000/- എന്ന് കാണിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് ഫീസായി 500/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ.1996 ലെ കേ.പ രാ (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 7 പട്ടിക II പ്രകാരം ഒരു ലക്ഷം വരെ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് 2000/-രൂപ ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ടതാണ്.

5.ലൈസൻസിനാവശ്യമായ രേഖകൾ പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

a)VIII-ാം വാർഡിൽ 14-ാം നം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ധാന്യ പൊടിമില്ല്

b)XII-ാം വാർഡിൽ 433-ാം നം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചപ്പാത്തി നിർമ്മാണ യൂണിറ്റ്.

c)III-ാം വാർഡിൽ133-ാം നം.കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പൊടിമില്ല്.
എന്നീ സ്ഥാപനങ്ങൾക്ക് ഫുഡ്&സേഫ്റ്റി ക്ലിയറന്സ്,PCBക്ലിയറൻസ് എന്നിവ ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 6, തീയ്യതി 28/12/2018)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപേക്ഷകളിന്മേലുള്ള അപാകൾ -സംബന്ധിച്ച്.

2017-18 സാമ്പത്തീക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

I. സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്.
നടപ്പ് സാമ്പത്തീക വർഷത്തിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ അടവാക്കിയ തൊഴിൽ നികുതി മാത്രമാണ് ഡിമാന്റായി കാണിക്കുന്നത്.

2017-18 സാമ്പത്തിക വർഷം 337 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 286 സ്ഥാപനങ്ങൾ മാത്രമേ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുള്ളൂ. സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ലൈസൻസ് നം. | ലൈസൻസിയുടെ പേര് | വ്യാപാരത്തിന്റെ തരം |
|---|---|---|
| 60 | കെ പി രാജശേഖരൻ | മെഡിക്കൽ ഷോപ്പ് |
| 62 | ശ്രീനില എൻ എസ് | മെഡിക്കൽ ഷോപ്പ് |
| 63 | എം രവീന്ദ്രൻ | ചായക്കട |
| 183 | മുഹമ്മദ് റാഫി | ഇൻഡസ്ട്രി |
| 205 | ഡോ. എൻ കെ കുഞ്ഞബ്ദുള്ള | മെഡിക്കൽ ക്ലിനിക്ക് |
| 310 | ജിനീഷ് ബാബു | ചപ്പാത്തിനിർമ്മാണം |

II. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് –
ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി വിവരം

1.നീലോം ക്ഷീരോൽപ്പാദക സഹകരണ സംഘം.

2. കോറോം BSNL

3.പുതുശ്ശേരി, മക്കിയാട് ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ.

4.മക്കിയാട് പി എച്ച് സി. - രാമചന്ദ്രൻ പി എം എന്നയാളുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി.
5.തൊണ്ടർനാട് ജലനിധി ഓഫീസ്

6.പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന KSEB,മാവേലി സ്റ്റോർ,റേഷൻകടകൾ എന്നീ സ്ഥാപനങ്ങൾ – ജീവനക്കാരുടെ തൊഴിൽ നികുതികൾ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് മരാമത്തുപണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരുടെ തൊഴിൽ നികുതിയും, XI -ാം വാർഡിൽ 392 A മുതൽ D വരെ നമ്പറുകളിൽ പ്രവർത്തിക്കുന്ന കാരുണ്യ ക്ലിനിക്കിലെ ഡോ.എൻ കെ കുഞ്ഞബ്ദുള്ളയുടേയും മറ്റ് ജീവനക്കാരുടേയും തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

III.ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം കാണിച്ചിട്ടുണ്ടെങ്കിലും അതിനനുസരിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. ഉദാ:

| ക്രമ നം. | ലൈസൻസിയുടെ വിവരം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | III-ാം വാർഡിൽ (ഷീബ) 131,132 കെട്ടിട നമ്പറുകളിലായി പ്രവർത്തിക്കുന്ന ധാന്യങ്ങളും മസാലപ്പൊടികളും കയറ്റുമതി ചെയ്യുന്ന പൊടിമില്ലിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. | 7 |
| 2 | XII-ാം വാർഡിൽ966-ാം സർവേ നമ്പറിൽ പ്രവർത്തിക്കുന്ന ഏലിയാമ്മ സിറിൾ എന്നവരുടെ ഉടമസ്ഥതയിലുള്ള സെന്റ് മേരീസ് ഗ്രാനൈറ്റ്സ് പ്രൊഡക്സ് | 5 |

| | | |
|---|---|---|
| 3 | XII-ാം വാർഡിൽ TPXII 433 കെട്ടിടത്തിൽ പ്രവർത്തിക്കുന്ന JSJ Products | 2 |
| 4 | ശ്രീമതി വർഷയുടെ ഉടമസ്ഥതയിലുള്ള 40 പശുക്കളുള്ള പശുഫാം | 4 |
| 5 | ഷീബ വിശ്വനാഥൻ,ധാന്യമില്ല് | 6 |

തൊഴിൽ തൊഴിൽ നികുതി റിട്ടേൺ പൂർണ്ണമായും പൂരിപ്പിക്കാത്തതിനാൽ അടക്കേണ്ട തൊഴിൽ നികുതി തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല. അടിസ്ഥാന ശമ്പളത്തോട്ടുകൂടി ക്ഷാമബത്ത,ഉൽസവബത്ത, സ്ഥിരം യാത്രാപ്പടി,വീട്ടുവാടകബത്ത, മറ്റ് അലവൻസുകൾ എന്നിവയെല്ലാം ഉൾപ്പെട്ട തുകയ്ക്കാണ് തൊഴിൽ നികുതി കണക്കാക്കേണ്ടത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 7, തീയ്യതി 28/12/2018)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-3 കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വെറ്ററിനറി സർജ്ജന്റെ പേരിൽ ഇഷ്യൂ ചെയ്ത രശീതി ബുക്ക് നം.438139, 438140, 438145 ഉപയോഗിച്ച് പിരിച്ചെടുത്ത തുകയുടെ കളക്ഷൻ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5, തീയ്യതി 27/12/2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുബന്ധ രശീത് ബുക്കുകൾ പ്രകാരം പിരിച്ചെടുത്ത കളക്ഷൻ തുകകൾ പഞ്ചായത്തിൽ അടവാക്കിയതിൻെറ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-4 പെർമ്മിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

ത.സ്വ.ഭ.വകുപ്പിന്റെ 20/06/2007ലെ 24136/RA 1/2007/ ത.സ്വ.ഭ.വ നംമ്പർ സർക്കുലറിലെ അപ്പൻഡിക്സ് 1 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. രജിസ്റ്ററിലെ പേജ് നംമ്പർ, നംമ്പർ ക്രമത്തിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷ സംബന്ധമായ മുഴവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററുകളിലെ വരികളെല്ലാം പൂർണ്ണമായി വിനിയോഗിക്കേണ്ടതും രേഖപ്പെടുത്തലുകൾക്കിടയിൽ ശൂന്യമായി ഇടുന്ന വരികൾ

സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കെട്ടിടനിർമ്മാണ അപേക്ഷകൾ (പെർമ്മിറ്റ് /ക്രമവൽക്കരണം /ഒക്യുപ്പെൻസി)ഫ്രണ്ട് ഓഫീസിൽ അപേക്ഷാ ഫീസ് സഹിതം സ്വീകരിക്കേണ്ടതും ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നംമ്പറിന്റെ ക്രമത്തിൽ തന്നെ പെർമ്മിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും അപൂർണ്ണമായതോ അപാകത ഉള്ളതോ ആണെങ്കിൽകൂടി ആയത് കറന്റ് നംമ്പറിന്റെ ക്രമത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സമയക്രമത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.എന്നാൽ മേൽ സർക്കുലർ പ്രകാരം ബന്ധപ്പെട്ട സെക്ഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുകയോ അധികാരികൾ മേൽനോട്ടം വഹിക്കുകയോ ചെയ്യുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 വാണിജ്യ കെട്ടിടത്തിന് വാസഗൃഹത്തിനുള്ള പെർമ്മിറ്റ് ഫീസ് ഈടാക്കി:-

13-ാം വാർഡിൽ റംല എടക്കോട്ടുമ്മൽ എന്നയാൾക്ക് ആയുർവേദ റിസർച്ച് സെന്റർ നിർമ്മിക്കാനായി 209.92 m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്.കാറ്റഗറി IIപഞ്ചായത്തുകളിൽ വാണിജ്യകെട്ടിടങ്ങളുടെ പെർമ്മിറ്റ് ഫീസ് ച.മീറ്ററിന് 5 രൂപാ നിരക്കിൽ ഈടാക്കേണ്ടതാണ്. എന്നാൽ മേൽ കെട്ടിടത്തിന് 3/- രൂപാ നിരക്കിലേ ഈടാക്കിയിട്ടുള്ളൂ.

| പേര്/കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം(m2) | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടഅട ഫീസ് | വ്യത്യാസം |
|---|---|---|---|---|
| റംല എടക്കോട്ടുമ്മൽ വാണിജ്യകെട്ടിടം | 209.92 | 630/- (രശീതി നം.117010102254 തിയ്യതി 18/11/17) | 1,050/- | 420/- |

പെർമ്മിറ്റ് ഫീസിനത്തിൽ കുറവുവന്ന 420/- രൂപ (1050-630) 18/11/2017 കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-6 പെർമ്മിറ്റ് ആവശ്യമുള്ള വിസ്തീർണ്ണത്തേക്കാൾ കൂടുതൽ ഏരിയക്ക് പെർമ്മിറ്റ് അനുവദിച്ചു.

പെർമ്മിറ്റ് നം.A3-BA(58805/18)dtd 1/3/18 പ്രകാരം 1086/99 സർവെ നംമ്പറിൽ ശ്രീ.ഫിലിപ്പ് എന്നയാൾ 126.5 m2 വിസ്തീർണ്ണമുള്ള വാസഗൃഹത്തിന് പെർമ്മിറ്റിന്

അപേക്ഷിക്കുകയും പ്ലാൻ സമർപ്പിക്കുകയും ചെയ്തു എന്നാൽ 139.1 m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിനാണ് പെർമ്മിറ്റ് അനുവദിച്ചത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-7 റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്:-

കേരള പഞ്ചായത്ത് രാജ് ആക്ട് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമ്മിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണ്. ചട്ടം 137(4) പ്രകാരം പെർമ്മിറ്റ് എടുക്കാതെയുള്ളവ അല്ലെങ്കിൽ അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമ്മിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണ്. ഈ വിഷയത്തിന്മേൽ 11/11/2015 ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 229813/ആർ ഡി2/15 നം. കത്തിലൂടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ നൽകിയ സ്പഷ്ടീകരണത്തിൽ ഒരിക്കൽ പെർമ്മിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമ്മിറ്റെടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമ്മിറ്റ് ഫീസും ഈടാക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

2017-18 കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പെർമ്മിറ്റ് എടുക്കാതെ/അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത് പെർമ്മിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-8 മതിയായ പ്ലാൻ ഹാജരാക്കാതെ പെർമ്മിറ്റ് അനുവദിച്ചു.

തൊണ്ടർനാട് വില്ലേജിൽ റി.സ നം.362/2 ആധാരം നം.1270/16 ൽ എം എ മുഹമ്മദ് ജമാൽ(5871/17 dtd 04/09/17)എന്നയാൾക്ക് ഹോസ്റ്റൽ കെട്ടിടം പണിയാൻ പെർമ്മിറ്റ് അനുവദിച്ചു. കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം 403.72 m2 വിസ്തീർണ്ണത്തിൽ മൂന്നുപെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഒരു ബിൽഡിംഗിന്റെ പ്ലാൻ മാത്രമേ സമർപ്പിച്ചിട്ടുള്ളൂ. പെർമ്മിറ്റിനുള്ള സൈറ്റ് പ്ലാൻ പ്രകാരം പെർമ്മിറ്റ് അനുവദിച്ച മൂന്നു കെട്ടിടങ്ങളും സൈറ്റിന്റെ വ്യത്യസ്ത ഭാഗങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. രണ്ടു കെട്ടിടങ്ങളുടെ പ്ലാൻ സമർപ്പിച്ചിട്ടില്ല.പ്ലാൻ സമർപ്പിക്കാതെ

പെർമ്മിറ്റ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-9 പെർമ്മിറ്റ് ഫീസ് ഈടാക്കുന്നതിൽ ഏകീകൃത സ്വഭാവമില്ല:-

ക്വാട്ടേഴ്സ്, റിസോർട്ട്, ഹോം സ്റ്റേ തുടങ്ങിയ വാണിജ്യ കെട്ടിടങ്ങൾക്ക് പെർമ്മിറ്റ് ഫീസ് ഈടാക്കുന്നതിൽ ഏകീകൃത സ്വഭാവമില്ല.ചില പെർമ്മിറ്റുകൾ ച.മീറ്ററിന് ന് 3/- രൂപ നിരക്കിലും ചില പെർമ്മിററുകൾക്ക് 5/- രൂപ നിരക്കിലുമാണ് ഈടാക്കുന്നത്.ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു,

| ഫയൽ നം | ഗുണഭോക്താവിന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗം,വിസ്തീർണ്ണം | ഈടാക്കിയ പെർമ്മിറ്റ് ഫീസ്(per m2) |
|---|---|---|---|
| 3495/17,27/06/17 | സക്കീർ അത്തിലൻ | ക്വാട്ടേഴ്സ്,430m2 | 5/- |
| 3739/17,10/07/17 | റഹീസ്& അദ്രേഴ്സ് | ക്വാട്ടേഴ്സ്,1431.73 m2 | 5/- |
| 5715/16 | സക്കീർ സിദ്ധീഖ് അലി | ക്വാട്ടേഴ്സ്,1098 m2 | 3/- |

ഫീസിനത്തിൽ കൈക്കൊണ്ട വ്യത്യസ്ഥമായ നിലപാട് വിശദീകരിക്കേണ്ടതാണ്.

## 2-10 വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കാൻ പഞ്ചായത്ത് അംഗീകരിച്ചു നൽകിയ പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നു.

നിരവിൽപ്പുഴ മാനന്തവാടി റോഡിൽ കോറോം അങ്ങാടിയിൽ ഇടത്തുവശത്തായി കുഞ്ഞാമി, അബ്ദുള്ള,അയുവാൻ ഉടമസ്ഥതയിലുള്ള (റി സ നം.938/3,938/4,938/7)സ്ഥലത്ത് 1024.67 m2 സ്ഥലത്ത് മൂന്നു വാണിജ്യ കെട്ടിടങ്ങൾ പണിയാൻ പഞ്ചായത്ത് BA 50491/18 Dtd 08/01/18 പ്രകാരം അനുമതി കൊടുത്തിട്ടുള്ളതാണ്. മേൽ കെട്ടിട നിർമ്മാണ സ്ഥലം പരിശോധിച്ചപ്പോൾ രണ്ടു കെട്ടിടങ്ങളുടെ നിർമ്മാണം ഭാഗീകമായി പൂർത്തിയായ നിലയിലും മൂന്നാമത്തെ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്ന നിലയിലുമാണ്.ഭാഗീകമായി പൂർത്തിയായ കെട്ടിടങ്ങൾ അനുമതി കൊടുത്ത പ്ലാനിൽ നിന്നും തീർത്തും വ്യതിചലിച്ചാണ് നിർമ്മാണം നടത്തിവരുന്നത്. പിൻഭാഗത്തുള്ള കെട്ടിടത്തിന് ഒരുനിരയായാണ് അനുമതി നൽകിയിരുന്നതെങ്കിലും രണ്ടു നിര കെട്ടിടമായാണ്

നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.അനുമതി പത്രത്തിനായി സമർപ്പിച്ച പ്ലാനിൽ കാണിച്ചിരിക്കുന്ന പാർക്കിംഗ് ഏരിയ(കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം)നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 8, തിയ്യതി 28/12/2018)മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-11 വാണിജ്യ കെട്ടിടങ്ങളുടെ പാർക്കിംഗ് ഏരിയയിൽ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിച്ച് വ്യാപാരം നടത്തിവരുന്നു, പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല.

1.തൊണ്ടർനാട് വില്ലേജിൽ നിരവിൽപ്പുഴ മാനന്തവാടി റോഡിൽ കോറോം അങ്ങാടിയിൽ(സർവ്വേ നം.573/1)12-ാം വാർഡിൽ ശ്രീ .അത്തിലൻ അമ്മദ് മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 445.17 m2 സ്ഥലത്ത് കാർപാർക്കിംഗിനുള്ള സ്ഥലം ഉൾപ്പെടാതെ 334.75m2 വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടം നിർമ്മിക്കാൻ A3.5635/15 Dtd 20/10/2015 പ്രകാരം പഞ്ചായത്ത് അനുമതി നൽകുകയും കംപ്ലീഷൻ പ്ലാൻ പ്രകാരം 442.24 m2 വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുകയും (വ്യത്യാസം -24.31%) യാതൊരു രാജിയാക്കൽ ഫീസും ഈടാക്കാതെ മേൽ കെട്ടിടത്തിന്റെ 486.26 m2 ഭാഗത്തിന് വസ്തു നികുതി ഈടാക്കുകയും ചെയ്തു. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ ഇല്ലാത്ത 44.02 m2 ഭാഗത്തിന് വസ്തു നികുതി ഈടാക്കിയതിനും രാജിയാക്കൽ ഫീസ് ഈടാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

മേൽ വാണിജ്യ കെട്ടിടത്തിന്റെ പ്ലാനിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് കുറഞ്ഞത് 4 കാർപാർക്ക് ചെയ്യാനുള്ള സ്ഥലം കാണിച്ചിട്ടുണ്ടെങ്കിലും സ്ഥല പരിശോധനയിൽ ഒരു കാറിന് പാർക്ക് ചെയ്യാനുള്ള സ്ഥലം മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. (8.9മീ.X7.5മീ.). 29/12/2018 ന് നടന്ന സ്ഥലപരിശോധനയിൽ മേൽ കെട്ടിടത്തിന്റെ 2 കാറുകൾക്കുള്ള പാർക്കിംഗ് പ്രദേശമായി കാണിച്ചിരുന്ന 92m2 സ്ഥലം കെട്ടിടത്തിന്റെ ഭാഗമായി മാറ്റി വലതു ഭാഗത്ത് ഡീലക്സ് ഹോട്ടലിന്റെ ഒരു ഭാഗവും ഇടതു ഭാഗത്ത് ബേക്ക് എവേ എന്ന ബേക്കറി& കൂൾബാറിന്റെ ഭാഗവും പ്രവർത്തിക്കുന്നതായി കണ്ടു. കൂടാതെ മൂന്നാമത്തെ പാർക്കിംഗായി കാണിച്ചിരിക്കുന്ന സ്ഥലത്ത് 1`.6മീ.X3.25മീ. വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം നടത്തി വാണിജ്യസ്ഥാപനം പ്രവർത്തിക്കുന്നതായി കണ്ടു. നിലവിൽ കെട്ടിടത്തിൽ പാർക്കിംഗ് ഏരിയക്ക് 8.9മീ.X7.5മീ. വിസ്തീർണ്ണം മാത്രമാണുള്ളത്(തിരിക്കാനുള്ള സ്ഥലം ഉൾപ്പെടെ ഒരു കാറിന് പാർക്കുചെയ്യാനുള്ള

സ്ഥലം).കൂടാതെ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ മൂന്ന വാണിജ്യ മുറികളും ഏഴ ലോഡ്ജ് മുറികളും പ്രവർത്തിക്കുന്നതായും കെട്ടിടത്തിന്റെ രണ്ടാം നിലയിൽ അനധികൃത നിർമ്മാണം നടത്തി സീലിംഗ് ഇട്ട നിലയിൽ നാലു മുറികളോട്ടു കൂടിയ നാല് അപ്പാർട്ട്മെന്റുകൾ പ്രവർത്തിക്കുന്നതായും കണ്ടു. പഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 300.26 m2 വിസ്തീർണ്ണത്തിമുള്ള കെട്ടിടത്തിനും(168.26+34+34+34+15+15) ഒന്നാം നിലയിൽ 186m2 വിസ്തീർണ്ണമുള്ള കടമുറിക്കുമാണ് വസ്തു നികുതി അസസ്സ് ചെയ്തിട്ടുള്ളത്. കെട്ടിടത്തിന്റെ രണ്ടാം നിലക്ക് വസ്തു നികുതി തിട്ടപ്പെടുത്തിയിട്ടില്ല. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ താഴത്തെ നിലക്ക് 198.26 m2 വിസ്തീർണ്ണമാണുള്ളത് എന്നാൽ 300.26m2 വിസ്തീർണ്ണത്തിന് വസ്തുനികുതി അസസ്സ് ചെയ്തതിട്ടുണ്ട്.

കൂടാതെ കെട്ടിടം മൂന്ന് അതിരിലും കെ പി ബി ആർ പ്രകാരം ഒഴിച്ചിടേണ്ട സ്ഥലത്തിന്റെ നിബന്ധനകൾ പാലിച്ചിട്ടില്ല. കംപ്ലീഷൻ പ്ലാനിൽ സ്റ്റെയർകേസ് വീതി 120 cm,ത്രെഡ് 30cm,ഉയരം 14.76cm എന്ന് കാണിച്ചിട്ടുണ്ടെങ്കിലും അവ യഥാക്രമം(ഒന്നാം നിലയിലേക്ക്)വീതി 110cm, ത്രെഡ്23cm, ഉയരം20cm, രണ്ടം നിലയിലേക്ക് വീതി110cm, ത്രെഡ്20cm, ഉയരം20cm എന്നിങ്ങനെ അപകടകരമായ രീതിയിലാണുള്ളത്. ഭിന്നശേഷിക്കാർക്കുള്ള റാംമ്പ്,മഴവെള്ള സംഭരണി എന്നിവ കെട്ടിടത്തിൽ നിർമ്മിച്ചിട്ടില്ല.കൂടാതെ കെ പി ബി ആർ പ്രകാരം കാറ്റഗറി II പഞ്ചായത്തുകളിൽ കെട്ടിടം നിർമ്മിക്കാൻ പരമാവധി അനുവദിനീയമായ പ്ലോട്ട് വിസ്തീർണ്ണത്തിന്റെ ശതമാനം അറുപതാണ് എന്നാൽ ഫോം-6 പ്രകാരം (300.26/445.17) കെട്ടിടത്തിൻെറ കവറേജ് 67.45 ശതമാനമാണ്.അനുവദിനീയമായകവറേജിലും അധികമായി കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ട്. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/2017-18 തിയ്യതി 28/12/2018)ക്ക് മറുപടിയായി ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കാനായി കെട്ടിടം ടൗൺ പ്ലാനിംഗിന് ശുപാർശ ചെയ്യുന്നതാണെന്ന് അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

2.നിരവിൽപ്പുഴ മാനന്തവാടി റോഡിൽ 13-ാം വാർഡിൽ ശ്രീ.കുട്ടപ്പാറയിൽ ആലി എന്നവരുടെ ഉടമസ്ഥതയിലുള്ള (റി സ നം.663) സ്ഥലത്ത് നിലവിലുള്ള 184 m2 വാണിജ്യ കെട്ടിടത്തിനോടനുബന്ധിച്ച് 27m2 വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യകെട്ടിടം പഞ്ചായത്തിന്റെ അനുമതി കൂടാതെ പണിതതിനുശേഷം കെട്ടിടം പണി രാജിയാക്കി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.29/12/18 ന് നടന്ന സ്ഥല പരിശോധനയിൽ മേൽ കെട്ടിടത്തിന്റെ മുൻവശത്ത് വലതു ഭാഗത്തായി 3.35മീ.X6.70മീ. വിസ്തീർണ്ണത്തിൽ അനധികൃതമായി കെട്ടിടം പണി പൂർത്തീകരിച്ച് വ്യാപാരം നടത്തിവരുന്നതായും കെട്ടിടത്തിന്റെ മേൽക്കുര റോഡിലേക്ക് തള്ളി

നിൽക്കുന്നതായും കെട്ടിടത്തിന്റെ ഇടത്തുവശത്ത് ഒരു മുറി അനധികൃതമായി നിർമ്മിച്ച് ഇൻഡസ്ട്രി നടത്തി വരുന്നതായും കണ്ടു. പഞ്ചായത്തിന്റെ പരിധിയിലുള്ള ഇത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾക്കെതിരേ പഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതാണ്.

## **2-12** വാണിജ്യ കെട്ടിടങ്ങൾക്ക് മതിയായ പാർക്കിംഗ് ലഭ്യമാക്കുന്നില്ല.

ശ്രീമതി സുബൈദ പുത്തൻപുരയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള സർവെ നം.298/1A,294 സ്ഥലത്ത് 163.24 m2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് ചട്ടപ്രകാരം കുറഞ്ഞത് 3 പാർക്കിംഗ് സ്ഥലം ലഭ്യമാക്കേണ്ടതാണ്. കെട്ടിടത്തിന്റെ പ്ലാനിൽ 4 പാർക്കിംഗ് സ്ഥലം കാണിച്ചിട്ടുണ്ടെങ്കിലും ഒരു കാറിന് പാർക്ക് ചെയ്യാനുള്ള സ്ഥലം മാത്രമേ കെട്ടിടത്തിൽ ഒഴിച്ചിട്ടിട്ടുള്ളൂ. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **2-13** വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 20.06.2011 ലെ 62/11-ാം നമ്പർ തീരുമാന പ്രകാരം
100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60 /- രൂപയാണ്. മേൽ ചട്ടം 3 ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ, ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 40/-രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. ഇത്തരത്തിലുള്ള ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)12-ാം വാർഡിൽ ശ്രീ .വള്ളുവശ്ശേരി മൊയ്തുഎന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ 176 B മുതൽ F വരെ

2)13-ാം വാർഡിൽശ്രീമതി സുബൈദ പുത്തൻപുര എന്നവരുടെ ഉടമസ്ഥതയിലുള്ള 114 A മുതൽ 114D വരെയുള്ള കെട്ടിടം.

3)12-ാം വാർഡിൽ ശ്രീ .അത്തിലൻ അമ്മദ് മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 559

C,D,F,G,H എന്നീ കെട്ടിടങ്ങൾ.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മേൽപ്പറഞ്ഞ വാണിജ്യകെട്ടിടങ്ങളെപ്പോലെ 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാണിജ്യകെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/-രൂപയ്ക്കു പകരം 60 /- രൂപ നിരക്കിൽ, ആദ്യമായി വസ്തുനികുതി നിർണ്ണയിച്ച തിയ്യതി മുതൽ പുനർ നിർണ്ണയിച്ച്, കുടിശ്ശിക പലിശ സഹിതം, തെറ്റായി വസ്തുനികുതി നിർണ്ണയം നടത്തിയവരിൽ നിന്നും ഈടാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.ഇക്കാര്യത്തിലേയ്ക്ക് അധികൃതരുടെ ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിരവിൽപ്പുഴ സാംസ്കാരിക നിലയം നിർമ്മാണം-കെട്ടിടം മണ്ണിടിയൽ ഭീഷണിയിൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0020/18 |
| പ്രോജക്ടിന്റെ പേര് | നിരവിൽപ്പുഴ സാംസ്കാരിക നിലയം നിർമ്മാണം |
| അടങ്കൽ | 1644150/- രൂപ (വികസന ഫണ്ട്-ലോകബാങ്ക് സഹായം കേന്ദ്ര വിഹിതം) |
| ചെലവ് | 1086913/-രൂപ (ട്രഷറി ബിൽ നമ്പർ 20/17-18/ 31-08-2017)<br>436771/-രൂപ (ട്രഷറി ബിൽ നമ്പർ 25/17-18/ 10-11-2017) |
| | ആകെ - 1523684/- രൂപ |
| എം. ബുക്ക് നമ്പർ | 53/16-17 (പേജ് നം. 1 മുതൽ 82 വരെ) |
| കോൺട്രാക്ടർ | ശ്രീ. സണ്ണി |
| കരാറുടമ്പടി നമ്പർ | 01/16-17/25-04-2017 |
| പി.എ.സി | 1524983.8/- |
| എസ്റ്റിമേറ്റ് തുക | 164150/- |
| പ്രവൃത്തി പൂർത്തികരിച്ച | 28/06/17 (അളവ് പുസ്തകം പേജ് നമ്പർ 35) |

| | |
|---|---|
| തീയതി | |

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രവർത്തിയിൽ ഗ്രാമ പഞ്ചായത്തിന് ശ്രീ. ജലീൽ ഹാജി എന്നയാൾ ദാനം ചെയ്ത 5 സെന്റ് സ്ഥലത്ത് സാംസ്കാരിക നിലയം നിർമിക്കുകയാണ് ചെയ്തിരിക്കുന്നത്. 25/01/2017 -ാം തീയതിയിലെ 180/I/2017 - ാം നമ്പർ ആധാര പ്രകാരം ശ്രീ. ജലീൽ ഹാജി, ഗ്രാമ പഞ്ചായത്തിന് സർവ്വേ നമ്പർ 981-ൽ 0.0202 ഹെക്ടർ സ്ഥലം രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ, ലൊക്കേഷൻ സ്കെച്ച്, നികുതി അടച്ച രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത സ്ഥലത്ത് ഗ്രാമ പഞ്ചായത്തിന് സാംസ്കാരിക നിലയം എന്ന ആവശ്യത്തിനു വേണ്ടി ഒരു കെട്ടിടം നിർമ്മിക്കുകയും പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ മുതലായ ജോലികൾ തീർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 28-12-2018- ാം തീയതി പ്രസ്തുത സ്ഥല പരിശോധന നടത്തിയതിൽ നിന്നും കെട്ടിടത്തിന്റെ പിറക് വശം ഏകദേശം 6 മീറ്ററോളം ഉയരത്തിൽ ഇടിഞ്ഞു വീഴാറായ മൺ തിട്ടയാണ്. കെട്ടിടത്തിൽ നിന്നും ഏകദേശം 1 മീറ്ററോളം അകലത്തിലാണ് മൺതിട്ട സ്ഥിതി ചെയ്യുന്നത്. മൺതിട്ടയിലെ മരങ്ങളും കെട്ടിടത്തിനു മുകളിലേക്ക് വീഴാൻ സാധ്യത കൂടുതലാണ്. ടോയിലറ്റ് ബ്ലോക്കിന് മുകളിൽ ഇപ്പോൾ തന്നെ ഒരു ചെറിയ മരം വീണു കിടപ്പുണ്ട്. പ്രസ്തുത മൺഭിത്തി കെട്ടിടത്തിന്റെ സുരക്ഷക്ക് ഭീഷണി ഉയർത്തുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണവും രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/29-12-18) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തെ മണ്ണിടിയലിൽ നിന്നും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-2 വളവ്-ചാപ്പിലാംകുന്ന് റോഡ് സോളിംഗ്-മാർഗ്ഗ രേഖ ലംഘിച്ച് പദ്ധതി നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0191/18 |
| പ്രോജക്ടിന്റെ പേര് | വളവ്-ചാപ്പിലാംകുന്ന് റോഡ് സോളിംഗ് |
| അടങ്കൽ | 400000/- രൂപ (വികസന ഫണ്ട്-TSP) |
| ചെലവ് | 329388/-രൂപ (ട്രഷറി ബിൽ നമ്പർ 6/17-18/ 30-06-2017) |

| | |
|---|---|
| എം. ബുക്ക് നമ്പർ | 48/16-17 (പേജ് നം. 1 മുതൽ 16 വരെ) |
| കോൺട്രാക്ടർ | ശ്രീ. റജി. റ്റി.എ. |
| കരാറുടമ്പടി നമ്പർ | 22/16-17/16-11-2016 |
| പി.എ.സി | 330000/- |
| എസ്റ്റിമേറ്റ് തുക | 400000/- |
| പ്രവൃത്തി പൂർത്തികരിച്ച തീയതി | 01/06/17(അളവ് പുസ്തകം പേജ് നമ്പർ 7 ) |

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രവർത്തിയുടെ ഭൗതികലക്ഷ്യം സംബന്ധിച്ച വിശദാംശങ്ങളിൽ 1 കി.മീ നീളത്തിൽ 3 മീ വീതിയിൽ റോഡ് സോളിംഗ് ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ, പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ(നം. 2016/34252) 332 മീറ്റർ നീളത്തിൽ 3.2 മീറ്റർ വീതിയിൽ സോളിംഗ് ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ, ഭരണ സമിതി തീരുമാന പ്രകാരം (നം.1(9)/24-01-17) സോളിംഗ് മാറ്റി മൺ പണിയായി തീരുമാനിച്ചിട്ടുണ്ട്. അതു പ്രകാരം, എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 1424 m3 മണ്ണ് മാറ്റാൻ മൂന്ന് ലക്ഷം രൂപയും 75 m റോഡ് സോളിംഗ് ചെയ്യാൻ 100000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

ഫീൽഡ് ബുക്ക്(നം.2/11-12) പ്രകാരം ലെവൽസ് എടുക്കുകയും 1475.37 m3 മണ്ണ് എടുത്തതായും കാണിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത മണ്ണ് എവിടെയാണ് നിക്ഷേപിച്ചത് എന്ന് വ്യക്തമല്ല. എന്നാൽ, 28-12-2018- ാം തീയതി പ്രസ്തുത സ്ഥല പരിശോധന നടത്തിയതിൽ നിന്നും 267m നീളത്തിൽ 8m വീതിയിൽ റോഡിനു വേണ്ടി പഞ്ചായത്തിന് വിട്ടു കൊടുത്ത സ്ഥലമെന്നു പറയുന്നിടത്താണ് ഏകദേശം 1.5m വീതിയിൽ, 1m മുതൽ 3m വരെ ഉയരത്തിൽ മണ്ണ് നീക്കം ചെയ്തിരിക്കുന്നത്. 3 മീറ്ററിലധികം വീതിയിൽ നിലവിൽ മൺ റോഡ് ഉണ്ട്.എടുത്ത 1475.37 m3 മണ്ണ് മുഴുവനായും എവിടെയാണ് നിക്ഷേപിച്ചതെന്ന് സ്ഥല പരിശോധനയിലും വ്യക്തമായിട്ടില്ല. 8 മീറ്റർ വീതിയിൽ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥലം ഉടമകൾ വിട്ടു കൊടുത്തതിന്റെ സമ്മത പത്രങ്ങളും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) നം.72/2017/തസ്വഭവ/29.03.2017 ) ഖണ്ഡിക 12.10(2) പ്രകാരം റോഡ് നിർമ്മാണ പ്രോജക്ടുകളിൽ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിലും ടാറിംഗ് ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തികൾക്ക് വികസന ഫണ്ടും ഉപയോഗിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ഈ

നിർദ്ദേശം പാലിക്കാതെയാണ് മുഴവൻ മൺ പണിക്കും വികസന ഫണ്ട് ഉപയോഗിച്ചിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/29.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് പദ്ധതി നടപ്പിലാക്കിയതിനാൽ ചെലവ് തുക 329388/- രൂപ തടസ്സം ചെയ്യുന്നു.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 ഇ ടെണ്ടർ ഫീ - പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

അസി.എഞ്ചിനീയർ 2017-18 സാമ്പത്തിക വർഷത്തിൽ 18 പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. ടെണ്ടർ ഫോറം വില ഇനത്തിൽ 32800/- രൂപയും ജി.എസ്.ടി ഇനത്തിൽ 5604/- രൂപയും വരവുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 02/17-18/21.12.2018 ) അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ 'നിലവിൽ അപ് ലോഡ് ചെയ്തിരിക്കുന്ന കംപ്യൂട്ടർ പ്രോഗ്രാം പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരുന്നതെന്നും, തുക പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫോറം ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 വി.ഇ.ഒ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ്

2017-18 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ നേരിട്ട് ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്, എന്നാൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വി.ഇ.ഒ, പ്രസിഡന്റ് എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ താഴെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട് .

| ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് തീയതി |
|---|---|---|---|
| ജില്ലാ കോപ്പറേറ്റീവ് ബാങ്ക് തൊണ്ടർനാട് | 130251201020152 | 48646/- രൂപ | 24/10/2018 |

| | | | |
|---|---|---|---|
| ബ്രാഞ്ച് | | | |
| കാനറബാങ്ക് കാഞ്ഞിരങ്ങാട് ബ്രാഞ്ച് | 1042101015780 | 52987/- രൂപ | 31/03/2018 |

മേൽ അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14/17-18 /31/12/2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ഏത് പദ്ധതി തുകയുടെ നീക്കിയിരിപ്പ് ആണെന്ന് പരിശോധിച്ച് യഥാർത്ഥ ഹെഡിൽ തിരികെ അടവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും,നീക്കിയിരിപ്പ് ഉണ്ടാവാനുണ്ടായ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതും തുക തിരികെ അടവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്

## 3-5 ഭവന പുനരുദ്ധാരണ പദ്ധതി തെറ്റായ എസ്റ്റിമേറ്റും- വാല്യൂഷനും

| | |
|---|---|
| പ്രോജക്ട് നമ്പർ | S057/18 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം |
| ഫണ്ടിനം | വികസനഫണ്ട് (പൊതുവിഭാഗം) |
| അടങ്കൽ | 9,00,000/-രൂപ |
| ചെലവ് | 9,00,000/-രൂപ |
| ബിൽ നമ്പർ/തീയതി/ തുക | 1.01/17-18 /11/01/2018 തുക 2,00,000/-<br>2.03/17-18 /11/01/2018 തുക 1,60,000/-<br>3 06/17-18 /20/01/2018 തുക 1,55,000/-<br>4. 14/17-18 /08/03/2018 തുക 80,000/-<br>5. 18/17-18 /13/03/2018 തുക 80,000/-<br>6. 20/17-18 /24/03/2018 തുക |

| | |
|---|---|
| | 1,20,000/-<br>7. 25/17-18 /31/03/2018 തുക 1,05,000/-<br>9,00,000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പദ്ധതിയിൽ ജീർണ്ണിച്ച മേൽക്കൂര പുതുക്കി പണിയുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ 24 ഗുണഭോക്താക്കൾക്കായി 40,000/- രൂപ വീതം 9,00,000/- രൂപ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03/04/2017 ലെ സ.ഉ (എം.എസ്) നമ്പർ 80/2017 ഉത്തരവ് ഖണ്ഡിക 8.6 പ്രകാരം വീട് പുനരുദ്ധാരണം, മേൽക്കൂര നിർമ്മിക്കുന്നതിന് ചുമർ ബലമുള്ളതും എന്നാൽ മേൽക്കൂര ഓല/പുല്ല്/തകരഷീറ്റ് /ആസ്ബറ്റോസ് ഉപയോഗിച്ച് മേഞ്ഞതും ആയ വീടുകളായിരിക്കണമെന്നും ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും,എൽ എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ എസ്റ്റിമേറ്റുകളിൽ ചുമരുകൾ നിർമ്മിക്കുന്നതിനുൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയുള്ളതും, വാല്യൂഷൻ നൽകിയിട്ടുള്ളതും, കൂടാതെ ചില വ്യക്തിഗത ഫയലുകളിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ, വാല്യൂഷൻ നൽകിയതായോ കാണുന്നില്ല. ലഭ്യമായ വാല്യൂഷൻ സർട്ടിഫിക്കറ്റിൽ മതിപ്പ് വില എന്ന രീതിയിലാണ് വാല്യൂഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. ചില ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പേര് വിവരങ്ങൾ | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | നാസർ വാഴയിൽ | 40,000/- | എസ്റ്റിമേറ്റ് ഇല്ല |
| 2 | മാമി,വണ്ടി വീട് കുഞ്ഞോം | 40,000/- | വാല്യൂഷൻ ഇല്ല |

| | | | |
|---|---|---|---|
| 3 | ബാലകൃഷ്ണൻ പി.കെ | 40,000/- | എസ്റ്റിമേറ്റ് ഇല്ല |
| 4 | ബാബു ഇണ്ടിയേരി | 40,000/- | എസ്റ്റിമേറ്റ് പ്രകാരം ചുമർ കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് ആണ് ഹജരാക്കിയിട്ടുള്ളത് എൽ.എസ്.ജി.ഡി എഞ്ചിനീയർ 50,000/- രൂപയുടെ വാല്യൂഷൻ നൽകി |
| 5 | ബിയാത്തുകുളങ്ങരത്ത് | 35,000/- | വാല്യൂഷൻ ഇല്ല |
| 6 | ഷീനമ്മ ജോയി | 40,000/- | ,എസ്റ്റിമേറ്റ് ,വാല്യൂഷൻ ഇല്ല |
| 7 | ബേബി പുതിയപറമ്പിൽ | 40,000/- | ,എസ്റ്റിമേറ്റ് ,വാല്യൂഷൻ ഇല്ല |
| | | 2,75,000/- | |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് 09/17-18/28/12/2018 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.വ്യക്തമായ എസ്റ്റിമേറ്റ് ഇല്ലാതെയും,വാല്യൂവേഷൻ ഇല്ലാതെയും പദ്ധതി നടപ്പിലാക്കിയതിന് മറുപടി ലഭ്യമാക്കേണ്ടതും, ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 3-6 ഭിന്നശേഷിയുള്ളവർക്ക് വീൽചെയർ പൂർണ്ണമായും വിതരണം ചെയ്യ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S00219/18 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് വീൽചെയർ |

| | |
|---|---|
| ഫണ്ടിനം | വികസനഫണ്ട് (പൊതുവിഭാഗം) |
| അടങ്കൽ | 50,000/-രൂപ |
| ചെലവ് | 41580/-രൂപ |
| ബിൽ നമ്പർ/തീയതി/ തുക | 09/18 /26/03/2018 തുക 41,580/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

മേൽ പദ്ധതി പ്രകാരം മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഭിന്നശേഷിയുള്ളവർക്ക് വീൽചെയർ പദ്ധതി ടെണ്ടർ മുഖേന ഏറ്റവും കറവ് ക്വാട്ട് ചെയ്ത സ്റ്റാൻന്റേർഡ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് ടാക്സ് അടക്ക് 4620/- രൂപ നിരക്കിൽ 16/03/2018 ലെ ഇൻവോയിസ് നമ്പർ 01215 പ്രകാരം 09എണ്ണം വാങ്ങി സ്റ്റോക്കിലെടുത്തു. ആയതിൽ 7 എണ്ണം വിതരണം നടത്തി. 2 എണ്ണം വിതരണം നടത്താതെ സ്റ്റോക്കിലുണ്ട്. വാങ്ങിയ വീൽചെയർ വിതരണം നടത്താത്തിന് കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ് എന്ന് കാണിച്ച് നൽകിയ 12/17-18/28/12/2018 ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വാങ്ങിയ വീൽചെയർ പൂർണ്ണമായും വിതരണം നടത്താത്തിന് മറുപടി ലഭ്യമാക്കേണ്ടതും,വിതരണം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിതരണം നടത്താതെ സൂക്ഷിച്ചിട്ടുള്ള 2 വീൽ ചെയറുകളുടെ വിലയായ 9240/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 സ്വയം സഹായ ഗ്രൂപ്പകൾക്ക് മുട്ടക്കോഴി വിതരണം - സർക്കാർ അംഗീകാരം ഇല്ലാത്ത ഫാമിൽ നിന്ന് മുട്ടക്കോഴിയെ വാങ്ങി നൽകി തടസ്സം . 5,50,000/-രൂപ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0083/18 | S0088/18 |
| പ്രോജക്ടിന്റെ പേര് | സ്വയം സഹായ ഗ്രൂപ്പുകൾക്ക് | പട്ടികവർഗ്ഗകുടുബശ്രീ ഗ്രൂപ്പകൾക്ക് മുട്ടക്കോഴി |

| | | |
|---|---|---|
| | മുട്ടക്കോഴി വിതരണം | വിതരണം |
| ഫണ്ടിനം | വികസനഫണ്ട് (പൊതുവിഭാഗം) | വികസനഫണ്ട് (ടി.എസ്.പി.) |
| അടങ്കൽ | 5,00,000/-രൂപ (വികസന ഫണ്ട് – 250000/-) (ഗുണഭോക്തൃ വിഹിതം – 250000/-) | 70,000/-രൂപ (ടി.എസ്.പി. – 52500/-) (ഗുണഭോക്തൃ വിഹിതം – 17500/-) |
| ചെലവ് | 4,85,000/-രൂപ | 65,000/-രൂപ (ടി.എസ്.പി.– 48750/-) (ഗുണഭോക്തൃ വിഹിതം – 16250/-) |
| ബിൽ നമ്പർ/തീയതി/ തുക | 1.LSG6/2017-18 തീയതി 28/03/2018 തുക2,42,500/- രൂപ | 1.LSG5/2017-18 28/03/2018 തുക 48750/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജൻ മേൽ രണ്ട് പദ്ധതികളിലായി ഓരോ ഗ്രൂപ്പിനും 50 മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം നടത്താനാണ് വിഭാനം ചെയ്തിട്ടുള്ളത്. യഥാക്രമം 97 സ്വയം സഹായ ഗ്രൂപ്പുകൾക്കും,13 പട്ടികവർഗ്ഗകുടുബശ്രീ ഗ്രൂപ്പുകൾക്കും തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിസ്മയഗിരി പൗളിറ്ററി ഫാം,മാനന്തവാടി,കുറ്റ്യാടി റോഡ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി ഒരു ഗ്രൂപ്പിന് 45-60 ദിവസം പ്രായമുള്ള 100/-രൂപനിരക്കിൽ 50 മുട്ടക്കോഴികുഞ്ഞുങ്ങളെ വീതം വിതരണം നടത്തി കൈപ്പറ്റ് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി ഫയലിൽ താഴെ പറയുന്ന അപാകതകൾ

ഉണ്ട്.

1. ആർ.എ .സിയിൽ നിന്ന് മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമല്ല എന്ന നോൺ

അവൈലബലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഹാജരാക്കിയിട്ടില്ല.

2.വിസ്മയഗിരി പൗളിറ്ററി ഫാം മാനന്തവാടി എന്ന സ്ഥാപനം സർക്കാർ അംഗീകൃത

സ്ഥാപനം ആണെന്നതിനുള്ള തെളിവ് ഫയലിൽ ഇല്ല

3.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03/04/2017 ലെ സ.ഉ (എം.എസ്) നമ്പർ 80/2017 ഉത്തരവ് ഖണ്ഡിക 8.2 3 കുറിപ്പ് പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും,വെറ്ററനറി സർജൻ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ -പക്ഷികളെ വാങ്ങേണ്ടതെന്നും പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം,പ്രായം,ഗുണ നിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്നും നിക്ഷകർഷിച്ചിട്ടുണ്ട് എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തെ പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ പ്രസ്തുത പ്രോജക്ട് സംബന്ധിച്ച മിനുട്സ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ 12/17-18/28/12/2018 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഇല്ലാതെയും, സർക്കാർ അംഗീകാരം ഇല്ലാത്ത ഫാമിൽ നിന്ന് മുട്ടക്കോഴിയെ വാങ്ങി നൽകിയതിനാൽ മേൽ രണ്ട് പദ്ധതികളിലായി ചെലവഴിച്ച 5,50,000/-രൂപ തുക തടസ്സപ്പെടുത്തുന്നു.

## **3-8** ഏഴാം ക്ലാസ്സിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക മേശയും കസേരയും വാങ്ങി നൽകൽ - മാർഗ്ഗരേഖ നിബന്ധനകൾ പാലിച്ചില്ല

പ്രോജക്ടിന്റെ പേര് - ഏഴാം ക്ലാസ്സിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക മേശയും കസേരയും വാങ്ങി നൽകൽ

പ്രോജക്ട് നം - 236/18

അടങ്കൽ - വികസനഫണ്ട് - ടി.എസ്.പി - 300000/- രൂപ

ബിൽ നം 5/17-18 തീയതി 28/3/2018 287117/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പരിധിയിലെ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുകയായിരുന്നു പ്രോജക്ടിലൂടെ വിഭാവനം ചെയ്തത്. 99 വിദ്യാർത്ഥികൾക്ക് 99 സ്റ്റീൽ മേശയും 99 ഫൈബർ നീൽകമൽ ബ്രാന്റിൽപ്പെട്ട കസേരയും വിതരണം നടത്തി. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.സ.ഉ (എം.എസ്)നം,80/2016 ത.സ്വ.ഭ.വ തീയതി 3/4/2017ലെ ഖണ്ഡിക 11.8.(4) പ്രകാരം കസേരയും മേശയും സ്റ്റീൽ അല്ലെങ്കിൽ മരം കൊണ്ടുക്കാക്കിയവ മാത്രമെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകാൻ പാടുള്ളൂ. എന്നാൽ മാർഗ്ഗ രേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫൈബർ കസേരകളാണ് വിതരണം നടത്തിയത്. ടെണ്ടറിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ യമുന സ്റ്റീൽ ഇൻഡസ്ട്രീസ് ചുണ്ടേൽ എന്ന സ്ഥാപനത്തിൽ നിന്നാണ് മേശകളും കസേരകളും വാങ്ങിയത്. (ഇൻവോയ്സ് നം 17-18/5 തീയതി 23/3/2018 തുക 287117) 99 നീൽകമൽ ഫൈബർ ചെയറുകൾക്ക് നികുതിയുൾപ്പടെ 44567/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗ രേഖ നിബന്ധനകൾക്ക് വിരുദ്ധമായി ഫൈബർ കസേരകൾ വാങ്ങുന്നതിനായി ചെലവഴിച്ച 44567 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 കുഞ്ഞോം ട്രൈബൽ ഹോസ്റ്റലിലേക്ക് പാത്രങ്ങൾ - വാങ്ങിയ പാത്രങ്ങൾ ഹോസ്റ്റലിൽ ഇല്ല

പ്രോജക്ടിന്റെ പേര് - കുഞ്ഞോം ട്രൈബൽ ഹോസ്റ്റലിലേക്ക് പാത്രങ്ങൾ

പ്രോജക്ടിന്റെ നം - 112/2018

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി - 40000/-രൂപ

ബിൽ നം - 6/2017-18 തീയതി 28/3/2018 39980/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ

കുഞ്ഞോത്ത് സ്ഥിതി ചെയ്യുന്ന പ്രീ മെട്രിക് ഹോസ്റ്റലിലേക്ക് പാത്രങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ക്വട്ടേഷൻ മുഖേനയാണ് പാത്രങ്ങൾ വാങ്ങിയത്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

ഹോസ്റ്റലിലേക്ക് ആവശ്യമായ 15 ലിറ്റർ പ്രഷർ കുക്കർ ചാക്സൺ, അല്ലെങ്കിൽ പ്രസ്റ്റീജ് കമ്പനികളുടേതാവണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ക്വട്ടേഷൻ സമർപ്പിച്ച വിനായക ഹോം അപ്ലേയ്ഡ് ക്യോറാം എന്ന സ്ഥാപനത്തിൽ നിന്നുമാണ്

സാധനങ്ങൾ വാങ്ങിയത്.

ഹോസ്റ്റലിലേക്ക് ആവശ്യമായ ഫൈബർ കസേരകൾ NILKAMAL, PRIMA എന്നീ കമ്പനികളുടേതാവണമെന്ന് നിർകർഷിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വാട്ടേഷൻ ആവശ്യപ്പെട്ട പ്രകാരമുള്ള ചാക്സൺ പ്രഷ്ർ ക്കുക്കർ (ISI)നിൽക്കമൽ/ പ്രൈമ ഫൈബർ കസേരകൾ 6 എണ്ണം എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ ഫൈബർ പ്ലേറ്റുകൾ ഹോസ്റ്റലിലെ ഉപയോഗത്തിന് വാങ്ങിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. നിലവിൽ സർക്കാർ ഹരിത കേരള മിഷൻെറ ഭാഗമായ പ്ലാസ്റ്റിക് ഉപകരണങ്ങൾ ഒഴിവാക്കാൻ അവശ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | സാധനങ്ങളുടെ പേര് എണ്ണം | എണ്ണം |
|---|---|---|
| 1 | ഇഡ്ഡലി പാത്രം | 01 |
| 2 | ദോശക്കല്ല് | 01 |
| 3 | ചപ്പാത്തി പ്രസ്സ് | 01 |
| 4 | സ്റ്റീൽ പാത്രം | 01 |
| 5 | അലൂമിനിയം പാത്രം | 01 |
| 6 | അലൂമിനിയം ബക്കറ്റ് വലുത് | 02 |
| 7 | അലൂമിനിയം ബക്കറ്റ് ചെറുത് | 03 |
| 8 | സ്റ്റീൽ തവി | 05 |
| 9 | സ്റ്റീൽ കപ്പ് | 01 |

| | | |
|---|---|---|
| 10 | അലൂമിനിയം അരിപ്പ് | 01 |
| 11 | കാസറോൾ (സ്റ്റീൽ ) | 01 |
| 12 | ഫൈബർ പ്ലേറ്റ് | 12 |
| 13 | സ്റ്റീൽ പ്ലേറ്റ് | 60 |
| 14 | സ്റ്റീൽ ഗ്ലാസ് | 60 |
| 15 | സ്റ്റീൽ ജഗ്ഗ് (2 ലിറ്റർ ) | 05 |
| 16 | ഫൈബർ ബക്കറ്റ് | 15 |
| 17 | കുക്കർ 15 ലിറ്റർ (ചാക്സൺ) | 01 |
| 18 | സ്റ്റീൽ ചട്ടുകം | 02 |
| 19 | പ്ലാസ്റ്റിക് ട്രേ | 05 |
| 20 | സ്റ്റീൽ ട്രേ | 05 |
| 20 | ഫൈബർ കസേര നീൽക്കമൽ | 06 |
| | സ്റ്റീൽ സ്പൂൺ | 10 |

| | | |
|---|---|---|
| | ഇൻറാലിയം ഉരുളി 10 ലിറ്റർ | 01 |
| | അലൂമിനിയം ഉരുളി 10 ലിറ്റർ | 01 |

29.12.2018 ന് സ്ഥലപരിശോധന നടത്തിയപ്പോൾ മേൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 18 തീയതി 31.12.2018ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്ഥലപരിശോധനയിൽ ഹാജരാക്കാൻ സാധിക്കാത്തതിനാലും തൃപ്തികരമായ വിശദീകരണം നൽകാത്തതിനാലും ചെലവഴിച്ച 39980/- രൂപ തടസ്സപ്പെടുത്തുന്നു..

## 3-10 പച്ചക്കറി കൃഷി പ്രോത്സാഹനം വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ടുകൾ പച്ചക്കറി കൃഷി പ്രോത്സാഹനമായി നടത്തിയിട്ടുണ്ട്.

I.പ്രോജക്റ്റ് നം. 101/18

പ്രോജക്ടിന്റെ പേര് - കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി നടീൽ വസ്തുക്കൾ വിതരണം

അടങ്കൽ - വികസന ഫണ്ട് - പൊതു വിഭാഗം 500000/- രൂപ

ബിൽ നം - CB 3/17-18 തീയതി 6.1.18 500000/- രൂപ

II. പ്രോജക്റ്റ് നം. 108/18

പ്രോജക്ടിന്റെ പേര് - കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി നടീൽ വസ്തുക്കൾ വിതരണം

അടങ്കൽ - വികസന ഫണ്ട് – പൊതു വിഭാഗം – 50000/- രൂപ

ബിൽ നം - CB 1/17-18 തീയതി 25.11.17 50000/- രൂപ

III. പ്രോജക്റ്റ് നം. 109/18

പ്രോജക്ടിന്റെ പേര് - കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി നടീൽ വസ്തുക്കൾ വിതരണം

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി - 50000/- രൂപ

ബിൽ നം - CB 2/17-18 തീയതി 25.11.17 തുക 50000/- രൂപ

ഗ്രാമ പഞ്ചായത്ത് പരിധിയിലെ തെരെഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറികൃഷി നടത്തുന്നതിനായി പച്ചക്കറി തൈകൾ വിതരണം നടത്തുകയും അതിലൂടെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കുടുംബശ്രീകൾക്ക് വിതരണം നടത്തുന്നതിനായി പച്ചക്കറി തൈകൾകൃഷി വിജ്ഞാൻ കേന്ദ്ര അമ്പലവയലിൽ നിന്നും വാങ്ങിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണം നടത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ കൃഷി ചെയ്യുന്ന സ്ഥലം സംബന്ധിച്ച പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തുകയോ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പച്ചക്കറി തൈകൾ വിതരണം നടത്തുന്നതിനായി ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റുകളുടെ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് സെക്രട്ടറി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത യൂണിറ്റുകൾക്ക് പച്ചക്കറി തൈകൾ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 15 തീയതി 31/12/2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവഴിച്ച 600000/- രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടിയും ആവശ്യമായ രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 3-11 പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് ഭവന പദ്ധതി നടത്തിപ്പ് - കണ്ടെത്തിയ അപാകതകൾ.

തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനും, മുൻവർഷങ്ങളിൽ വിവിധ ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ വ്യക്തികൾക്ക് ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ധന സഹായം നൽകുന്നതിന് ലൈഫ്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ പേര് - ലൈഫ് ഭവന പദ്ധതി പൂർത്തീകരണം (ടി.എസ്.പി)

പ്രോജക്ട് നം - 250/2018

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി - 3425000/- രൂപ

ബിൽ നം - 4/2017-18 തീയതി 20/3/2018 2070000/- രൂപ

ബിൽ നം - 5/2017-18 തീയതി 20/3/2018 90000/- രൂപ

ആകെ 2160000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ പാകപ്പിഴകളും ക്രമക്കേടുകളും നടന്നതായി കണ്ടെത്തി. വിശദ വിവരം ചുവടെ ചേർക്കുന്നു.

എ) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വ്യത്യസ്ഥ ഡാറ്റ ഉപയോഗിക്കുന്നു -

പ്രസ്തുത പദ്ധതിയിൽ , വിവിധ ഘട്ടങ്ങളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള എസ്റ്റിമേറ്റ് ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി അസി. എഞ്ചിനീയർ, എം.എൻ.ആർ.ഇ അസി.എഞ്ചിനീയർ എന്നിവരാണ് തയ്യാറാക്കിയത്. രണ്ട് ഉദ്യോഗസ്ഥരും വ്യത്യസ്ഥ ഡാറ്റയാണ് ഒരേ പ്രവൃത്തിക്ക് ഉപയോഗിച്ചത്. ഇത് വിവിധ ഗുണഭോക്താക്കൾക്ക് ഏകീകൃത അടിസ്ഥാനത്തിലുള്ള എസ്റ്റിമേറ്റിനുള്ള അർഹത ഇല്ലാതാക്കി.

ഉദാഹരണമായി ഷൈലജ പാലൻ എന്ന ഗുണഭോക്താവിന്റെ വീടിന്റെ എസ്റ്റിമേറ്റ് തയ്യാക്കിയത് എം.എൻ.ആർ.ഇ അസി.എഞ്ചിനീയർ ആണ്. പ്രസ്തുത വീടിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തിക്ക് നൽകിയത് ഒരു സ്ക്വയർ മീറ്ററിന് 282.64 രൂപ നിരക്കിലാണ്. എന്നാൽ ഒടുക്കൻ പാതിരമന്നം കോളനി എന്ന ഗുണഭോക്താവിന്റെ വീടിൻെറ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എൽ.എസ്.ജി.ഡി അസി. എഞ്ചിനീയർ ആണ്. ഈ ഗുണഭോക്താവിന്റെ വീടിൻെറ പ്ലാസ്റ്ററിംഗ് പ്രവൃത്തിക്ക് സ്ക്വയർ മീറ്ററിന് 207.90 രൂപ നിരക്കിലാണ് നൽകിയത്. നിലം സിമന്റ് കോൺക്രീറ്റ് പ്രവത്തിക്ക് കണക്കാക്കിയത് 681.23 സ്ക്വയർ മീറ്ററിന് എന്ന നിരക്കിലാണ്. എം.എൻ.ആർ.ഇ അസി.എഞ്ചിനീയർ രാജൻ കറുപ്പൻ എന്ന ഗുണഭോക്താവിന്റെ വീടിൻെറ നിലം കോൺക്രീറ്റ് പ്രവൃത്തിക്ക് കണക്കാക്കിയത് സ്ക്വയർ മീറ്ററിന് 461.63 രൂപ നിരക്കിലാണ്. ഇത്തരത്തിൽ ഒരേ പ്രവൃത്തിക്ക് രണ്ട് ഉദ്യോഗസ്ഥർ വ്യത്യസ്ഥ നിരക്കുകൾ നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയത് യുക്തി സഹമല്ല.

ബി) ആവശ്യമില്ലാത്തതോ നേരത്തെ പൂർത്തീകരിച്ചതോ ആയ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തി

പദ്ധതി ഗുണഭോക്താക്കളായ ശ്രീ.വിജയൻ, വട്ടേരിക്കുന്ന്, തേറ്റമല, ശ്രീ ഒടുക്കൻ പാതിരമന്നം കോളനി, ശ്രീമതി ബിന്ദു ചന്ദ്രൻ പാലിയാണ കോളനി തേറ്റമല എന്നീ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണം സംബന്ധിച്ച് ഹാജരാക്കിയ രേഖകൾ പരിശോധിക്കുകയും ഭവന നിർമ്മാണ പുരോഗതി സംബന്ധിച്ച് സ്ഥല പരിശോന നടത്തുകയും ചെയ്തു. ആയതിൽ നിന്നും ശ്രീ.വിജയൻ, വട്ടേരിക്കുന്ന്, തേറ്റമല, ശ്രീ ഒടുക്കൻ പാതിരമന്നം കോളനി, എന്നിവരുടെ വീടുകളുടെ വയറിംഗ് പ്രവൃത്തി വീട് അനുവദിച്ച പദ്ധതിയുടെ ഭാഗമായി പൂർത്തികരിച്ചതാണ്. പ്രസ്തുത ഗുണഭോക്താക്കൾക്ക് ലൈഫിൽ ഉൾപ്പെടുത്തി വയറിംഗ് പ്രവൃത്തിക്ക് തുക എസ്റ്റിമേറ്റിൽ വകയിരുത്തി.നേരത്തെ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയ നടപടി തെറ്റാണ്. ശ്രീമതി ബിന്ദു ചന്ദ്രൻ പാലിയാണ കോളനി തേറ്റമല എന്ന ഗുണഭോക്താവ് ഭവന നിർമ്മാണ ധനസഹായം ലഭിച്ച പദ്ധതി തുക ഉപയോഗിച്ച് തന്നെ ലിന്റൽ ഉയരം വരെയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തികരിച്ചതാണ്. എന്നാൽ എം.എൻ.ആർ.ഇ അസി.എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തറ മുതൽ മുകളിലേക്ക് ഭിത്തി നിർമ്മാണം ഉൾപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ നടത്തിയത് ലിന്റൽ മുതൽ മുകളിലേക്കുള്ള പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്.

ശ്രീ.അപ്പുക്കുട്ടൻ, വീട്ടിയമ്പറ്റ എന്ന ഗുണഭോക്താവ് നേരത്തെയുള്ള പദ്ധതി പ്രകാരം തന്നെ വീടിന്റെ മേൽക്കൂര വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതാണ്. എന്നാൽ പ്രസ്തുത വീടിന് ലാറ്ററൈറ്റ് മേസണറി വർക്ക് ഉൾപ്പടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതായി കാണുന്നു. എല്ലാ എസ്റ്റിമേറ്റുകളും പരിശോധിച്ച് ഇത്തരത്തിൽ തുക വകയിരുത്തി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്.

സി) ഭവന നിർമ്മാണം പൂർത്തികരിക്കുന്നതിന് കരാറുകാർക്ക് പ്രവൃത്തി നൽകാമെന്നിരിക്കെ സാധ്യത ഉപയോഗപ്പെടുത്തിയില്ല

ലൈഫ് ഭവന പദ്ധതി വിലയിരുത്തുന്നതിനായ വിവിധ തലങ്ങളിൽ കർമ്മസമിതി രൂപീകരിക്കുന്നതിന് ലൈഫ് മാർഗ്ഗ രേഖ നിർദ്ദേശിക്കുന്നു. വിവിധ കർമ്മസമിതികളുടെ മേൽ നോട്ടത്തിൽ, മുൻപ് നൽകിയ ഭവന നിർമ്മാണ ധനസഹായം കൈപ്പറ്റി വീട് പൂർത്തിയാക്കാത്തവർക്ക്, നിലവിലും അവർ ഭവന നിർമ്മാണം പൂർത്തീകരിക്കില്ല എന്ന് വിലയിരുത്തുന്ന പക്ഷം കർമ്മസമിതിയുടെ മേൽ നോട്ടത്തിൽ , അത്തരം ഗുണഭോക്താക്കളുടെ വീടുകളുടെ പൂർത്തീകരണം കരാറുകാർക്ക് നൽകാവുന്നതാണ്. എല്ലാവരുടെയും വീട് ഇതിലൂടെ പൂർത്തികരിക്കാവുന്നതാണ്. മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ബിൽ നം - 4/2017-18 തീയതി 20/3/2018 പ്രകാരം 90000 രൂപ നൽകിയ ശ്രീ.വിജയൻ, വട്ടേരിക്കുന്ന്, തേറ്റമല എന്ന ഗുണഭോക്താവ് നാളിതുവരെ ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. 29/12/2018ന് നടത്തിയ സ്ഥലപരിശോധന വേളയിൽ ഇത് ബോധ്യമായി. പ്രവൃത്തി പൂർത്തീകരിക്കാനുള്ള യാതൊരു നിർദ്ദേശവും നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടില്ല.

ഡി) എസ്റ്റിമേറ്റിൽ നികുതികൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിരിക്കുന്നു

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നികുതികൾക്കായി മൊത്തം തുക (lump sum) യായി നീക്കി വെച്ചിരിക്കുന്നു. ഈ തുക ഉൾപ്പടെയാണ് എസ്റ്റിമേറ്റായി കണക്കാക്കി തുക നൽകുന്നത്. നേരട്ട് ഗുണഭോക്താക്കൾ പ്രവൃത്തി നടത്തുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് എസ്റ്റിമേറ്റിൽ നികുതികൾക്കായി തുക വകയിരുത്തിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. സ്ഥലപരിശോധന പരിശോധന സമയത്ത് മുഴവൻ തുകയും അനുവദിച്ച ശ്രീ ഒടുക്കൻ പാതിരമന്നം കോളനി എന്ന ഗുണഭോക്താവിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നികുതി ഉൾപ്പടെയാണ് തുക അനുവദിച്ചത്. എല്ലാ ഗുണഭോക്താക്കളുടെയും എസ്റ്റിമേറ്റിലും നികുതികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. നികുതിയ്ക്കായി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത് അംഗീകരിക്കാത്തക്കതല്ല. ഇത്തരത്തിൽ അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതും ഇനിയും തുക നൽകാനുള്ളവർക്ക് നികുതിക്കായി വകയിരുത്തിയ തുക കിഴിച്ച് മാത്രമേ നൽകാൻ പറ്റുകയുള്ളു.

ഇ ) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നടത്താതെ തുക നൽകിയതാണ്.

ശ്രീ ഒടുക്കൻ പാതിരമന്നം കോളനി എന്ന ഗുണഭോക്താവിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് അദ്ദേഹത്തിന്റെ വീടിന്റെ മേൽക്കൂര, വീട് വയറിംഗ് പ്രവൃത്തി എന്നിവ പൂർത്തിയാക്കിയിട്ടുള്ളതാണ്. ഫയലിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം കക്കൂസ് നിർമ്മാണം, ചുമര് മേൽക്കുര എന്നിവയുടെ തേപ്പ് പ്രവൃത്തി, നിലം കോൺക്രീറ്റ്, 18 ജനൽ പാളികളും ഒരു വെന്റിലേറ്ററിന്റെ വാതിലും 5 വാതിലുകളും സ്ഥാപിക്കുകയും ഇവ പെയിന്റ് ചെയ്യേണ്ടതുമാണ്. കൂടാതെ വയറിംഗ് പ്രവൃത്തിക്കുള്ള തുക, നികുതികൾക്കായി വകയിരുത്തിയ തുക എന്നിവയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആകെ 170000 രൂപയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബിൽ നം - 4/2017-18 തീയതി 20/3/2018 മുഖേന 80000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.2018-19 വർഷത്തിൽ പണി പൂർത്തിരിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ ഒടുക്കന് 90000 രൂപയും നൽകിയിട്ടുണ്ട്. ആകെ എസ്റ്റിമേറ്റ് തുകയായ 170000 രൂപയും ഗുണഭോക്താവിന് നൽകി.എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ വിസ്തീർണ്ണം 50.35 ച.മീറ്ററാണ്. വീടിന്

3.45 മീറ്റർ പുറം ചുമരുകൾക്ക് ഉയരമുള്ളതായാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

സ്ഥലപരിശോധന നടത്തിയപ്പോൾ , ചുമർ ഭിത്തി പ്ലാസ്റ്ററിംഗ്, 8ജനൽപാളികൾ സ്ഥാപിക്കൽ, 4 വാതിലുകൾ എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഭിത്തികൾ പെയിന്റ് ചെയ്തിട്ടുണ്ട്. വാട്ടർ ക്ലോസറ്റ്, പി.വി.സി ഡോർ (എസ്റ്റിമേറ്റ് ഇനം 10) സ്ഥാപിച്ചിട്ടുണ്ട്.മറ്റു പ്രവൃത്തികൾ നടത്തിയതായി കാണുന്നില്ല. മാത്രമല്ല എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ ഉയരം ചുമരുകൾക്ക് ഇല്ല. 3 മീറ്ററിൽ താഴെ ഉയരമാണ് ചുമരുകൾക്ക് ഉള്ളത്. നടത്തിയ പ്രവൃത്തികൾക്ക് താഴെപ്പറയുന്ന പ്രകാരം തുക അനുവദിക്കാം

പ്ലാസ്റ്ററിംഗ് ചുമർ (എസ്റ്റിമേറ്റ് പ്രകാരം) - 48087

ജനൽ പാളികൾ സ്ഥാപിക്കൽ 8 എണ്ണം - 7200

(8x900)

വാതിൽ സ്ഥാപിക്കൽ 4എണ്ണം - 12200

(4x3050)

വൈറ്റ് വാഷിംഗ് - 6498

പി.വി.സി വാതിൽ സ്ഥാപിക്കൽ - 2000

വാട്ടർ ക്ലോസറ്റ് സ്ഥാപിക്കൽ - 8000

ആകെ നൽകാവുന്നത് - 83985

ഫയലിനോടൊപ്പം ഹാജരാക്കിയ വാല്വേഷൻ സാക്ഷ്യപത്രം ഐ.റ്റി.ഡി.പി അസി.എഞ്ചിനീയർ നൽകിയതാണ്. പ്രസ്തുത സാക്ഷ്യപത്രം തന്നെ നിയതമായ രീതിയിലുള്ളതല്ല. പ്രസ്തുത സാക്ഷ്യപത്രത്തിൽ ചെയ്യാത്ത പ്രവൃത്തികളെല്ലാം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.വാല്വേഷൻ സാക്ഷ്യപത്രം പ്രകാരം 35 ച.മീറ്ററാണ് വീടിന്റെ വിസ്തീർണ്ണം. അധികമായി നൽകിയ തുക 2018-19 വർഷത്തെ ഓഡിറ്റിൽ നിരാകരിക്കുന്നതായിരിക്കും.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 54670 | നെൽകൃഷി വികസനം ജനറൽ | | 54670 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 46495 | നെൽകൃഷി വികസനം ടി.എസ്.പി | | 46495 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | ക്ഷീര കർകർക്ക് ഉദ്പാദന ബോണസ് | | 400000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 54670 | നെൽകൃഷി വികസനം ജനറൽ | | 54670 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 46495 | നെൽകൃഷി വികസനം ടി.എസ്.പി | | 46495 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 240277 | ക്ഷീര കർകർക്ക് ഉദ്പാദന ബോണസ് | | 240277 |
| ജില്ലാ പഞ്ചായത്ത് | | | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | | 317600 |

പട്ടിക വർഗ്ഗക്കാർക്ക് പ്രഭാത ഭക്ഷണം നീക്കിയിരിപ്പ് തുക 317600/- രൂപ ഏത് വർഷമാണ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചത് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. തുക ജില്ലാ പഞ്ചായത്തിന് തിരികെ നൽകേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| | | | തുക | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കാരുണ്യ ഭവന പദ്ധതി | 47434/DB1/14/ തസ്വഭവ തീയതി 6/8/14 | 20000000 | 14000000 | 2000000 | 1500000 | 12000000 |

•

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000 |
| ആകെ | 200000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | വയനാട് ജില്ല സഹകരണ ബാങ്ക് , കോറോം ശാഖ | | ഒരു വർഷം | 1000000 | |
| | തൊണ്ടർനാട് സർവ്വീസ് സഹകരണ ബാങ്ക് | | ഒരു വർഷം | 1000000 | |
| ആകെ | | | | 2000000 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 21 | 80 | പി.നാരായണൻ, ക്ലർക്ക് | 117010104442/ 27.03.2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | ഇല്ല | | | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവ ശേഷി ക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 115010397 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 97482613 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 420 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1848175 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 420 | | ശ്രീ. വാസുദേവൻ പി. സെക്രട്ടറി (ഇൻ ചാർജ്ജ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 329388 | അസി.എഞ്ചിനീയർ |
| 3-5 | 275000 | ശ്രീ. വി.എം. ശ്രീജിത്ത് വി.ഇ.ഒ. |
| 3-6 | 9240 | ഡോ. മുഹമ്മദ് സെയ്ദ് കെ. മെഡിക്കൽ ഓഫീസർ |
| 3-7 | 550000 | ഡോ.റ്റി.ജി.ശിവദാസൻ,വെറ്ററിനറി |

| | | |
|---|---|---|
| | | സർജ്ജൻ |
| 3-8 | 44567 | ശ്രീമതി ഡോറീസ് എൻ. അസി. സെക്രട്ടറി |
| 3-9 | 39980 | അനിൽ കുമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-10 | 600000 | ശ്രീ.രജീസ്, കൃഷി ഓഫീസർ |
| ആകെ | 1848175 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശിവദാസൻ | വെറ്ററിനറി സർജ്ജൻ, വെറ്ററിനറി ഡിസ്പെൻസറി, തൊണ്ടർനാട് | തെക്കേപ്പുരക്കൽ വീട് എടവക കല്ലോടി പി.ഒ. മാനന്തവാടി |
| രജീസ് | കൃഷി ഓഫീസർ | കൊട്ടച്ചോല, മഞ്ചരിച്ചിറ വളവന്നൂർ പി.ഒ. മലപ്പുറം |

| | | |
|---|---|---|
| അനിൽകുമാർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, തൊണ്ടർനാട് | മാങ്കാളി വീട് മുണ്ടേരി, കൽപ്പറ്റ, വയനാട് |
| വാസുദേവൻ | അങ്ങാടിപ്പുറം, മലപ്പുറം | |
| ശ്രീമതി ഡോറീസ് എൻ. | ജൂനിയർ സൂപ്രണ്ട് മീനങ്ങാടി പഞ്ചായത്ത് | ആല് വിളയിൽ വികാസ് കോളനി, അമ്പലവയൽ പി.ഒ. |
| ഡോ. മുഹമ്മദ് സെയ്ദ് കെ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | വളക്കണ്ടിൽ വീട്, പടിക്കശ്ശ മുറി, കുട്ടിലങ്ങാടി പി.ഒ., മലപ്പുറം |
| ശ്രീ. വി.എം. ശ്രീജിത്ത് . | വി.ഇ.ഒ | ശ്രീനിലയം, തരുവണ പി.ഒ. പിൻ -670731 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94, 1994-95 | എൽ.എഫ്.(ഡബ്ല്യൂ)പി1-530/98 /8/12/1998 | |
| 1995-96 | എൽ.എഫ്.(ഡബ്ല്യൂ)പി1-539/98 /6/12/1998 | |
| 1996-97 | എൽ.എഫ്.(ഡബ്ല്യൂ)പി3/836 /2010/18.02.11 | 14 |
| 1997-98 | എൽ.എഫ്.(ഡബ്ല്യൂ).പി1/106 /1999/07.03.99 | 22 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.(ഡബ്ല്യൂ).പി3/196 /08/13.03.99 | 3 |
| 1999-00 | എൽ.എഫ്.(ഡബ്ല്യൂ).പി3/40 /08/12.03.2008 | 5 |
| 2000-01 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യൂ).പി4/98 /06/29.10.06 | 5 |
| 2000-01 | എൽ.എഫ്.(ഡബ്ല്യൂ).പി3/568 /05/04.08.06 | 5 |
| 2001-02 | എൽ.എഫ്.(ഡബ്ല്യൂ)പി3/595 /06/03.04.07 | 5 |
| 2002-03 | എൽ.എഫ്.(ഡബ്ല്യൂ).പി3/871 /09/19.11.2009 | 5 |
| 2003-04 | എൽ.എഫ്.(ഡബ്ല്യൂ).പി3/20 /2009/26.03.09 | 8 |
| 2004-05 | എൽ.എഫ്.(ഡബ്ല്യൂ).പി3/484 /08/12.11.08 | 6 |
| 2005-06 | എൽ.എഫ്.(ഡബ്ല്യൂ).പി3/415/09/11.03.10 | 10 |
| 2006-07 | എൽ.എഫ്.(ഡബ്ല്യൂ).പി3/418/09/16.02.11 | 13 |
| 2007-08 | എൽ.എഫ്.(ഡബ്ല്യൂ).പി2/977/14/10.06.15 | 14 |
| 2008-09 | എൽ.എഫ്.(ഡബ്ല്യൂ).പി2/894 /14/25.03.13 | 27 |
| 2009-10 | എൽ.എഫ്.(ഡബ്ല്യൂ).പി3/362/12/21.3.13 | 25 |
| 2010-11 | എൽ.എഫ്.(ഡബ്ല്യൂ).പി2/191/13/22.08.13 | 14 |
| 2011-12, 2012-13 | എൽ.എഫ്.(ഡബ്ല്യൂ).പി3/978 /14/18.05.15 | 15 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2-97/15 /11.11.15 | 15 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2.425/16 /24.06.2016 | |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2.852/16 /20.12.2016 | |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2.540/17 /30.08.2017 | |

ഡെപ്യൂട്ടി ഡയറക്ടർ, വയനാട്,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-527/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 22/06/2018

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 കേരള പഞ്ചായത്ത് രാജ് നിയമം 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# അനുബന്ധം -2

## വാർഷിക കണക്കിലെ അപാകതകൾ

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-527/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 22/06/2018

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാടക ഒഴികെയുള്ള വിവിധ വരവ് രജിസ്റ്ററുകൾ പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറി ച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ ഹാജരാക്കിയിട്ടില്ല.

4. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-17(a) ഉൾപ്പെടുത്തിയിട്ടില്ല.

6. RP-40 ഷെഡ്യൂളിൽ capital work in progress എന്ന ശീർഷകത്തിൽ 13816749/- രൂപ ചെലവുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ഈ ശീർഷകത്തിൽ ചെലവില്ല.

7. ലോൺ രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

(ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ മുതലായവ)

8. Day book,Cash book സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിട്ടില്ല.

9. വസ്തു നികുതി വിവരങ്ങൾ പൂർത്തീകരിച്ച രജിസ്റ്റർ ഹാജരാക്കിയിട്ടില്ല ആയതിനാൽ ലൈബ്രറി സെസ് പിരിച്ചത് സംബന്ധിച്ചത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. വിവിധ കേന്ദ്ര വിഹിതമായി ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.